**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്-ചങ്ങനാശ്ശേരി നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2545/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.10.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.04.2013 തീയതിയിലെ ഇ 5(എസ്.സി 29/2013/KTM) 31925/2013 നം. കത്ത്

2. സർക്കാരിന്റെ ഇയു2/11/2014/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 05.05.2018 തീയതിയിലെ വി1-7256/16 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ചങ്ങനാശ്ശേരി നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 09.09.2013 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ, നഗരസഭാ ജീവനക്കാരായ റവന്യൂ ഓഫീസർ ശ്രീ.വി.എൻ.രാധാകൃഷ്ണൻ, റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. ലളിതാംബിക.ടി , സീനിയർ ക്ലാർക്കുമാരായ ശ്രീമതി.ബിന്ദു എം.സി, ശ്രീമതി.ധന്യ.സി, ശ്രീമതി.സിൽവിയ., ശ്രീമതി. ഷീബാ സെബാസ്റ്റ്യൻ, ശ്രീ.ഷാജി വി എച്ച്,എൽ.ഡി. ക്ലാർക്ക് ശ്രീമതി. ശ്രീജാമോൾ പി.സി., ഓഫീസ് അറ്റൻഡന്റ് ശ്രീ.ജോസ് കുമാർ പി., ഹെൽത്ത് സൂപ്പർവൈസർ ശ്രീ. രാമചന്ദ്രൻ പി.സി., ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1, ശ്രീ.എൻ.റ്റി.ശശികുമാർ എന്നിവരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/ പത്രിക നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

**2.** ചങ്ങനാശ്ശേരി നഗരസഭയിൽ നടന്ന വിജിലൻസ് പരിശോധനാ വേളയിൽ റവന്യൂ ഓഫീസർ ആയിരുന്ന ശ്രീ. വി.എൻ. രാധാകൃഷ്ണൻ 16 പ്രൊഫഷണൽ ടാക്സ് അപേക്ഷകളുടെ നടപടികളിൽ കാലതാമസം വരുത്തിയതായും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താതിരുന്നു എന്നുമാണ് ടിയാനെതിരെയുള്ള മെമ്മോയിലെ ആക്ഷേപം. സർക്കാരിന്റെ 2011-ലെ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട ജോലികളും, വാടക കുടിശ്ശിക ഈടാക്കുന്നതിനും, വസ്തു നികുതി, തൊഴിൽ നികുതി കുടിശ്ശിക ഉൾപ്പെടെയുള്ള പെറ്റീഷനുകൾ തീർപ്പാക്കുന്നതിനും മറ്റുമുള്ള ധാരാളം ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ശ്രദ്ധിച്ചു കൊണ്ടിരുന്ന അവസരത്തിൽ മന:പൂർവ്വമല്ലാതെ സംഭവിച്ചതാണ് പ്രസ്തുത താമസമെന്നും, ടി പെറ്റീഷനുകൾ ഉൾപ്പെടെയുള്ളവ തീർപ്പാക്കിയിട്ടുള്ളതാണെന്നും,

ടിയാന്റെ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. സർവ്വീസിൽ നിന്നും വിരമിച്ച ടിയാനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന അഭ്യർത്ഥനയും മേൽ വിവരങ്ങളും പരിഗണിച്ച് നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന കാര്യം പരിഗണനാർഹമാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു.

**3.** റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീമതി. ടി ലളിതാംബിക വിജിലൻസ് പരിശോധനാ ദിവസം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ലായെന്നതായിരുന്നു ടിയാൾക്കെതിരെയുള്ള കുറ്റാരോപണമെമ്മോയിലെ പരാമർശം. തുക കൈയ്യിൽ ഇല്ലാത്ത അവസരത്തിൽ 'Nil' എന്ന് രേഖപ്പെടുത്തണമെന്നത് അറിയില്ലാത്തതിനാലാണ് അങ്ങനെ ചെയ്യാതിരുന്നതെന്നും, മന:പൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന ടിയാളുടെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും ടി വീഴ്ച മേലിൽ ആവർത്തിക്കരുതെന്ന താക്കീതോടെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**4.** സീനിയർ ക്ലാർക്ക് ശ്രീമതി. ബിന്ദു എം.സി. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിരുന്നില്ല എന്നതായിരുന്നു ടിയാൾക്കെതിരായ മെമ്മോയിലെ പരാമർശം. വിജിലൻസ് പരിശോധനാ ദിവസം ആർ1, ആർ2 സെക്ഷനുകളുടെ ചുമതല വഹിച്ചിരുന്ന തനിയ്ക്ക് ജോലിത്തിരക്കു മൂലമാണ് ക്യാഷ് രജിസ്റ്ററിൽ തുക രേഖപ്പെടുത്താൻ സാധിക്കാതിരുന്നതെന്നും, മുൻ ദിവസങ്ങളിലും, തുടർന്നും, കൃത്യമായി തുക രേഖപ്പെടുത്താറുണ്ടായിരുന്നുവെന്നും മന:പ്പൂർവ്വമല്ലാതെ സംഭവിച്ച തെറ്റ് മാപ്പാക്കണമെന്നുമുള്ള അപേക്ഷ പരിഗണിച്ച് താക്കീതോടെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**5.** സീനിയർ ക്ലാർക്ക് ശ്രീമതി. ധന്യ. എസ്. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല എന്ന മെമ്മോയിലെ ആരോപണങ്ങൾക്ക് ടിയാൾ സമർപ്പിച്ച മറുപടിയിൽ ഓഫീസിലെ തിരക്കു മൂലമാണ് തുക എഴുതാൻ സാധിക്കാതിരുന്നതെന്നും, തുടർന്നുള്ള ദിവസങ്ങളിൽ ആയത് എഴുതി വന്നിട്ടുള്ളതായും, വീഴ്ച മാപ്പാക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. ടിയാളുടെ മറുപടിയിലെ പരാമർശങ്ങൾ ശരിയാണെന്ന സെക്രട്ടറിയുടെ റിപ്പോർട്ടും ടിയാളുടെ മറുപടിയും പരിഗണിച്ച് മേലിൽ വീഴ്ച വരുത്തരുതെന്ന താക്കീതോടെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**6.** സീനിയർ ക്ലാർക്ക് ശ്രീമതി. സിൽവിയ. ജെ, വിജിലൻസ് പരിശോധനാ ദിവസം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ലായെന്നാണ് കുറ്റാരോപണ മെമ്മോയിലെ പരാമർശം. ബിൽ കളക്ടർ ആയി നിയോഗിച്ച വാർഡിൽ നികുതി പിരിവുമായി പോയ ദിവസമാണ് വിജിലൻസ് പരിശോധന നടന്നതെന്നും ഓഫീസിനു പുറത്ത് ജോലി ചെയ്യുന്ന സമയത്താണ് രജിസ്റ്ററിൽ തുക രേഖപ്പെടുത്താതിരുന്നതെന്നും, അജ്ഞത മൂലം സംഭവിച്ച തെറ്റ് മാപ്പാക്കണമെന്നുമുള്ള അപേക്ഷ പരിഗണിച്ച് മേലിൽ ടി കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന താക്കീതോടെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**7.** സീനിയർ ക്ലാർക്ക് ശ്രീമതി. ഷീബാ സെബാസ്റ്റ്യന്റെ കൈവശമുണ്ടായിരുന്ന 131 വാർദ്ധക്യ കാല പെൻഷൻ, 291 വിധവാ പെൻഷൻ, 37 വികലാംഗ പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നീ അപേക്ഷകളിൽ താമസം വരുത്തിയതായി കണ്ടെത്തിയെന്നതാണ് കുറ്റാരോപണ മെമ്മോയിലെ പരാമർശം. ടിയാൾ തന്റെ മറുപടിയിൽ,

13.08.2013-ലാണ് ഈ സെക്ഷന്റെ ചുമതലഏറ്റെടുത്തതെന്നും, നിലവിൽ ഉണ്ടായിരുന്ന പെൻഡിംഗ് അപേക്ഷകളുടെ വിവരം സെക്രട്ടറിയെ അറിയിച്ചിരുന്നുവെന്നും മുമ്പേ തന്നെ കുടിശ്ശിക ആയിരുന്ന ടി അപേക്ഷകൾ നഗരസഭയിൽ സേവനം അനുഷ്ഠിച്ചിരുന്ന നാലുമാസകാലയളവിൽ കഠിന പരിശ്രമത്തിലൂടെ തീർപ്പാക്കാൻ കഴിഞ്ഞു എന്നും, ടി സീറ്റിൽ ചാർജ്ജെടുത്ത് ഒരു മാസത്തിനകം നടന്ന വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ അപേക്ഷകളിൽ മന:പൂർവ്വം കാലതാമസം വരുത്തുവാൻ ശ്രമിച്ചിട്ടില്ലായെന്നും ടി ആരോപണങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. സർവ്വീസ് കാലയളവിൽ യാതൊരു കൃത്യവിലോപവും കാട്ടിയിട്ടില്ലായെന്ന ടിയാളുടെ മറുപടിയും സെക്രട്ടറിയുടെ റിപ്പോർട്ടും പരിഗണിച്ച് മേലിൽ ഇത്തരം വീഴ്ച ഉണ്ടാകരുതെന്ന താക്കീതോടെ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു.

**8.** സീനിയർ ക്ലാർക്ക് ശ്രീ. ഷാജി വിജിലൻസ് പരിശോധന നടന്ന 09.09.20013-ൽ 38 ബിൽഡിംഗ് ആപ്ലിക്കേഷനുകളിൽ കാലതാമസം വരുത്തിയെന്നതാണ് കുറ്റാരോപണ മെമ്മോയിലെ പരാമർശം. ടി 38 അപേക്ഷകളിൽ 2 എണ്ണം റിപ്പോർട്ടിനായി ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർക്ക് അയച്ചിരിക്കുകയായിരുന്നുവെന്നും, ഒരെണ്ണം റയിൽവേയുടെ എൻ.ഒ.സി. ലഭ്യമാക്കുന്നതിന് ഡിവിഷണൽ മാനേജർ, തിരുവനന്തപുരത്തിന് അയച്ചിരുന്നതായും, 1 എണ്ണം നിലം നികത്തു കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നതായും, ബാക്കി 34 അപേക്ഷകളിൽ, അപേക്ഷയിലും പ്ലാനിലും ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കണമെന്നും കാണിച്ച് ബന്ധപ്പെട്ട അപേക്ഷകർക്ക് അറിയിപ്പ് നൽകിയിരുന്നതായും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് തീർപ്പാക്കാൻ സൂക്ഷിച്ചിരുന്ന ടി അപേക്ഷകളിലാണ് കാലതാമസം വന്നിരുന്നതെന്നും, തന്റെ ഭാഗത്തു നിന്നും മന:പൂർവം വീഴ്ച സംഭവിച്ചിട്ടില്ലായെന്നും, ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമുള്ള അപേക്ഷ പരിഗണിച്ച് മേലിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന താക്കീതോടെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**9.** ബിൽ കളക്ടറായ ശ്രീമതി. ശ്രീജാമോൾ പി.സി. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ലായെന്നതാണ് ആരോപണം. വിജിലൻസ് പരിശോധനാ ദിവസം രാവിലെ 9 മണിയ്ക്ക് കളക്ഷനായി വാർഡിൽ പോയിരുന്നുവെന്നും, ആയതിനാലാണ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുവാൻ സാധിക്കാതിരുന്നതെന്നും, മന:പ്പൂർവ്വമല്ലാത്ത ടി തെറ്റ് മാപ്പാക്കണമെന്നും, മേലിൽ തെറ്റ് ആവർത്തിക്കുകയില്ലെന്നും തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നത് പരിഗണിച്ച് താക്കീതോടെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**10.** ഓഫീസ് അറ്റൻഡന്റ് ശ്രീ. ജോസ്കുമാർ പി. വിജിലൻസ് പരിശോധന ദിവസം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയില്ലാ എന്നതാണ് മെമ്മോയിലെ പരാമർശം. ചങ്ങനാശ്ശേരി നഗരസഭയിൽ പ്യൂൺ ആയി ജോലി ചെയ്തു വന്നിരുന്ന ടിയാനെ 21.07.2012 മുതൽ വർക്കിംഗ് അറേഞ്ച്മെന്റിന്റെ ഭാഗമായി ബിൽ കളക്ടർ ആയി നിയമിച്ചുവെന്നും, കളക്ഷനു വേണ്ടി വാർഡിൽ 9 മണിയ്ക്ക് തന്നെ പോയിരുന്നതിനാലാണ് തുക രേഖപ്പെടുത്തുവാൻ സാധിക്കാതിരുന്നതെന്നും മന:പൂർവ്വമല്ലാതെ സംഭവിച്ച ടി തെറ്റ് ഇനി ആവർത്തിക്കുകയില്ലെന്നും, ടി കാര്യങ്ങൾ പരിഗണിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നതായും ടിയാന്റെ മറുപടിയിലെ കാര്യങ്ങൾ വസ്തുതാപരമാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത് പരിഗണിച്ച് താക്കീതോടെ തുടർ

നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**11.** ഹെൽത്ത് സൂപ്പർവൈസർ ആയിരുന്ന ശ്രീ. പി.സി. രാമചന്ദ്രൻ ഹെൽത്ത് വിഭാഗത്തിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്നതാണ് ടിയാനെതിരെയുള്ള ആരോപണം. ടിയാൻ 31.05.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചതായും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കണമെന്ന് ആരും സൂചിപ്പിച്ചിട്ടില്ലായെന്നും, വിജിലൻസ് പരിശോധനയ്ക്ക് ശേഷം രജിസ്റ്റർ സൂക്ഷിച്ച് വരുന്നതായും മന:പൂർവ്വമോ, ബോധപൂർവ്വമോ വീഴ്ച വരുത്തിയിട്ടില്ലായെന്നും കണ്ട് തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും മറുപടിയിൽ ടിയാൻ അഭ്യർത്ഥിച്ചിരിക്കുന്നു. ടിയാന്റെ മറുപടിയും സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ള സാഹചര്യം കൂടി കണക്കിലെടുത്ത് തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**12.** ചങ്ങനാശ്ശേരി നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി നോക്കിയിരുന്ന ശ്രീ. എൻ.റ്റി. ശശികുമാർ, 42 ജനന-മരണ രജിസ്ട്രേഷൻ അപേക്ഷകളിൽ കാലതാമസം വരുത്തിയതായി ടിയാനെതിരെയുള്ള കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിരിക്കുന്നു. ശ്രീ. എൻ.റ്റി.ശശികുമാർ സമർപ്പിച്ച മറുപടിയിൽ ജനന-മരണ രജിസ്ട്രാറായി ജോലി ചെയ്തിരുന്ന ടി കാലയളവിൽ പുതിയ റേഷൻ കാർഡിൽ കുട്ടികളുടെ പേര് ചേർക്കുന്നതിനുള്ള ആവശ്യവുമായി ബന്ധപ്പെട്ട് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വൻതിരക്ക് അനുഭവപ്പെട്ടിരുന്നതായും, സാധാരണ ലഭിക്കുന്നതിൽ മൂന്നിരട്ടിയിലധികം അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും, കൂടാതെ ദിവസവും മൂന്ന് മുതൽ ആറ് വരെ വിവാഹ രജിസ്ട്രേഷൻ അപേക്ഷയും, മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും തീർപ്പാക്കേണ്ടി വന്നിരുന്നതായും, ലഭിക്കുന്ന അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്യുന്നതിന് വൻതിരക്കുള്ള സമയമായിരുന്നിട്ടും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം മാത്രമാണ് ലഭിച്ചിരുന്നതെന്നും, അപേക്ഷകളിന്മേൽ യഥാസമയം തീർപ്പ് കൽപ്പിക്കാൻ സാധിക്കാതെ വന്നത് ടി കാരണങ്ങളാലാണെന്നും, മന:പൂർവ്വം വീഴ്ച വരുത്തിയിട്ടില്ലായെന്നും, ജനന-മരണ രജിസ്ട്രാറായി ജോലി ചെയ്തിരുന്ന മറ്റ് കാലയളവുകളിൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയിട്ടുള്ളതാണെന്നും, പൊതുജനങ്ങളിൽ നിന്ന് യാതൊരു പരാതിയും ഉണ്ടായിട്ടില്ലായെന്നും, നാളിതുവരെയുള്ള സർവ്വീസിൽ യാതൊരുവിധ ക്രമക്കേടോ, കൃത്യവിലോപമോ തനിക്കെതിരെ ആരോപിക്കപ്പെട്ടിട്ടില്ലായെന്നും സൂചിപ്പിച്ചിരിക്കുന്നു. ടി കാര്യങ്ങൾ ബോദ്ധ്യപ്പെട്ട് തുടർനടപടികളിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ടി വിഷയത്തിൽ ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ ടിയാൻ ജോലിയിൽ അലംഭാവം കാണിച്ചിട്ടുള്ളതായി കാണുന്നില്ലായെന്നും, വളരെ തൃപ്തികരമായി സേവനം അനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥനാണെന്ന് അന്വേഷണത്തിൽ അറിയുവാൻ സാധിച്ചിരുന്നുവെന്നും, ടിയാൻ സേവനത്തിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ അച്ചടക്ക നടപടി അവസാനിപ്പിക്കുന്ന കാര്യത്തിൽ അനുഭാവപൂർവ്വം തീരുമാനം എടുക്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**13.** ചങ്ങനാശ്ശേരി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ആയിരുന്ന ശ്രീ.പി. സി. രാമചന്ദ്രന് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിന്റെ ചാർജ്ജ് നൽകിയിരുന്നുവെങ്കിലും ആയത് ടിയാൻ പരിപാലിച്ചിട്ടുള്ളതിനാലും ടിയാൻ റിട്ടയർ ചെയ്തിട്ടുള്ള വസ്തുതയും പരിഗണിച്ച് ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്നും, റവന്യൂ ഓഫീസർ ശ്രീ. വി.എൻ.എ. രാധാകൃഷ്ണൻ എച്ച്.ഐ, ശ്രീ. എൻ.റ്റി. ശശികുമാർ എന്നിവരും സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതിനാൽ ടിയാളുകളുടെ പേരിലുള്ള അച്ചടക്ക നടപടികൾ

അവസാനിപ്പിക്കാവുന്നതാണ് എന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്നു. എന്നാൽ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി. ഡി. ലളിതാംബികയുടെ കൈവശം തുകയില്ലാത്തതിനാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ Nil എന്ന് രേഖപ്പെടുത്താത്തത് അറിവില്ലായ്മകൊണ്ടാണെന്ന ടിയാളുടെ വാദം അംഗീകരിക്കാവുന്നതല്ല എന്നും ശ്രീമതി. ബിന്ദു എം.സി., ശ്രീമതി. ധന്യ.എസ്, ശ്രീമതി. സിൽവിയ. ജെ., ശ്രീമതി. ശ്രീജമോൾ, ഓഫീസ് അറ്റൻഡന്റ്, ശ്രീ. ജോസ് കുമാർ. പി എന്നിവർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്താതിരുന്നതിനാൽ മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന താക്കീത് നൽകി തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്എന്നും സീനിയർ ക്ലാർക്കുമാരായ ശ്രീമതി. ഷീബ സെബാസ്റ്റ്യൻ, ശ്രീ. ഷാജി എന്നിവർ അപേക്ഷകളിൽ മന:പൂർവ്വം താമസം വരുത്തിയിട്ടില്ലായെന്നുള്ള സെക്രട്ടറിയുടെ റിപ്പോർട്ടും ടിയാളുകളുടെ മറുപടിയും പരിഗണിച്ച് കർശന താക്കീത് നൽകി തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

**14**. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിഷയം വിജിലൻസ് റിപ്പോർട്ടിന്റെയും ജീവനക്കാരുടെ മറുപടിയുടെയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ വിജിലൻസ് വകുപ്പിന്റെ അന്വേഷണം നടക്കുന്ന അവസരത്തിൽ ജീവനക്കാരുടെ ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിച്ചിരുന്നുവെന്നു കാണുന്നുണ്ട്. മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 09.09.2013- ൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ നഗരസഭാ ജീവനക്കാർക്കെതിരായി അരംഭിച്ച അച്ചടക്കനടപടി, ശ്രീ.പി.സി.രാമചന്ദ്രൻ,ഹെൽത്ത് സൂപ്പർവൈസർ **(Retired),** ശ്രീ.വി.എൻ.രാധാകൃഷ്ണൻ, റവന്യൂ ഓഫീസർ **(Retired)** ശ്രീ.എൻ.റ്റി. ശശികുമാർ, ഹെൽത്ത് ഇൻസ്പെക്ടർ **(Retired)** എന്നിവർക്കെതിരായ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടും, റവന്യൂ ഇൻസ്പെക്ടർ ശ്രീമതി.ലളിതാംബിക ടി, സീനിയർ ക്ലാർക്കുമാരായ ശ്രീമതി. ബിന്ദു എം. സി, ശ്രീമതി.ധന്യ.എസ്, ശ്രീമതി.സിൽവിയ ജെ,ശ്രീമതി. ഷീബാ സെബാസ്റ്റ്യൻ, ശ്രീ. ഷാജി വി എച്ച്, എൽ.ഡി.ക്ലാർക്ക് ശ്രീമതി. ശ്രീജാമോൾ പി. സി, ഓഫീസ് അറ്റൻഡന്റ് ശ്രീ. ജോസ് കുമാർ പി, എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ടും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. പി . സി . രാമചന്ദ്രൻ, ഹെൽത്ത് സൂപ്പർവൈസർ (Retired) ചങ്ങനാശ്ശേരി നഗരസഭ
ശ്രീ.വി .എൻ. രാധാകൃഷ്ണൻ , റവന്യൂ ഓഫീസർ (Retired) ചങ്ങനാശ്ശേരി നഗരസഭ
ശ്രീ . എൻ . റ്റി . ശശികുമാർ , ഹെൽത്ത് ഇൻസ്പെക്ടർ (Retired)ചങ്ങനാശ്ശേരി നഗരസഭ
ശ്രീമതി . ടി. ലളിതാംബിക , റവന്യൂ ഇൻസ്പെക്ടർ ചങ്ങനാശ്ശേരി നഗരസഭ
ശ്രീമതി . ബിന്ദു എം . സി ., സീനിയർ ക്ലാർക്ക്,ചങ്ങനാശ്ശേരി നഗരസഭ
ശ്രീമതി . ധന്യ . എസ്. , സീനിയർ ക്ലാർക്ക്, ചങ്ങനാശ്ശേരി നഗരസഭ
ശ്രീമതി . സിൽവിയ . ജെ ., സീനിയർ ക്ലാർക്ക്,ചങ്ങനാശ്ശേരി നഗരസഭ

ശ്രീമതി . ശ്രീജമോൾ, എൽ . ഡി . ക്ലാർക്ക് ചങ്ങനാശ്ശേരി നഗരസഭ

ശ്രീ . ജോസ് കുമാർ . പി , ഓഫീസ് അറ്റൻഡന്റ്, ചങ്ങനാശ്ശേരി നഗരസഭ

ശ്രീമതി . ഷീബ സെബാസ്റ്റ്യൻ , സീനിയർ ക്ലാർക്ക്,ചങ്ങനാശ്ശേരി നഗരസഭ

ശ്രീ . ഷാജി , സീനിയർ ക്ലാർക്ക്,ചങ്ങനാശ്ശേരി നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ